**പൊതു തിരഞ്ഞെടുപ്പ് 2021**
**അടിയന്തരം**

# മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസറുടെ കാര്യാലയം, കേരളം

**നം.119/ഇ.ഇ 4/2021/ഇലക്.**

**ഇലക്ഷൻ (എക്യുപ്മെന്റ്) വകുപ്പ്,**
**തിരുവനന്തപുരം, തീയതി: 04.04.2021.**

മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ

എല്ലാ ജില്ലാ ഇലക്ഷൻ ഓഫീസർമാർക്കും.
എല്ലാ റിട്ടേണിംഗ് ഓഫീസർമാർക്കും

സർ,

വിഷയം:- ഇലക്ഷൻ വകുപ്പ് - കേരള നിയമസഭ തിരഞ്ഞെടുപ്പ് **2021** – പോളിംഗ് സ്റ്റേഷനിൽ ഉപയോഗിക്കുന്ന കോവിഡ് സംരക്ഷണ ഉപകരണങ്ങൾ തിരിച്ചെടുക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന:- 1. സ.ഉ(സാധാ) നം. 85/2021/ഇലക്. തീയതി 11.02.2021.
2. സ.ഉ(സാധാ) നം. 183/2021/ഇലക്. തീയതി 19.03.2021.

സൂചനയിലെ സർക്കാർ ഉത്തരവുകളിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. സൂചന (1) സർക്കാർ ഉത്തരവ് പ്രകാരം, കോവിഡ്-19 മഹാമാരിയുടെ കാലത്ത് കേരള നിയമസഭ 2021 ഇലക്ഷൻ സുരക്ഷിതമായി നടത്തുന്നതിനുള്ള വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. കൂടാതെ സൂചന (2)-ലെ സർക്കാർ ഉത്തരവ് പ്രകാരം പോളിംഗ് സ്റ്റേഷനുകളിൽ ഉണ്ടാകുന്ന മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും പുറപ്പെടുവിച്ചിരുന്നു.

തിരഞ്ഞെടുപ്പ് സംബന്ധമായ വിവിധ പ്രവർത്തനങ്ങൾ സുരക്ഷിതമായി നടത്തുന്നതിന് ആവശ്യമായ കോവിഡ് സംരക്ഷണ സാമഗ്രികൾ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡ് വഴി ലഭ്യമാക്കിയിട്ടുണ്ട്. തിരഞ്ഞെടുപ്പ് ദിവസം പോളിംഗ് സ്റ്റേഷനുകളിലേക്ക് അനുവദിച്ചിട്ടുള്ള പി.പി.ഇ കിറ്റ്, മാസ്ക്, റബ്ബർ കൈയ്യുറകൾ എന്നിവകളിൽ ഉപയോഗിക്കാതെ അവശേഷിക്കുന്നവ കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് തിരികെ എടുക്കും എന്ന് അറിയിച്ചിട്ടുണ്ട്. കൂടാതെ ശരീരോഷ്മാവ് അളക്കുന്നതിനായി പോളിംഗ് സ്റ്റേഷനുകളിൽ ഉപയോഗിക്കുന്ന ഇൻഫ്രാറെഡ് തെർമൽ സ്കാനറുകൾ ഉപയോഗശേഷം സ്കൂളുകൾ, വിവിധ സർക്കാർ സ്ഥാപനങ്ങൾ, ചാരിറ്റബിൾ ട്രസ്റ്റുകൾ എന്നിവയ്ക്ക് ലഭ്യമാക്കാം എന്ന് 09.02.2021 തീയതിയിൽ ചീഫ് ഇലക്ടറൽ ഓഫീസറുടെ നേതൃത്വത്തിൽ കൂടിയ യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ, താഴെപ്പറയുന്ന നിർദ്ദേശങ്ങൾ അടിയന്തരമായി നടപ്പാക്കാൻ വേണ്ട നടപടികൾ എടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

1. പോളിംഗ് സ്റ്റേഷനിൽ പോളിംഗ് നടപടികൾ പൂർത്തിയായ ശേഷം ശരീരോഷ്മാവ് അളക്കുന്നതിനായി ഉപയോഗിച്ച ഇൻഫ്രാറെഡ് തെർമൽ

സ്കാനറുകളും ഉപയോഗിക്കാത്ത പി.പി.ഇ കിറ്റ്, റബ്ബർ കൈയ്യുറകൾ, മാസ്ക് എന്നിവയും ഐറ്റം തിരിച്ച് എണ്ണം രേഖപ്പെടുത്തി പ്രിസൈഡിംഗ് ഓഫീസറുടെ ഒപ്പം സീലോടും കൂടി കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിൽ നിന്നും കോവിഡ് സാമഗ്രികൾ ലഭ്യമാക്കിയ കിറ്റിൽ തന്നെ തിരികെ വച്ച് മറ്റ് പോളിംഗ് സാമഗ്രികളോടൊപ്പം കളക്ഷൻ സെന്ററുകളിൽ നൽകേണ്ടതാണ്.

2. ജില്ലാ ഇലക്ഷൻ ഓഫീസർമാർ പ്രത്യേകം ടീമിനെ ഏർപ്പെടുത്തി പ്രസ്തുത കോവിഡ് സാമഗ്രികൾ ജില്ലാതലത്തിൽ ശേഖരിച്ച് ഇൻഫ്രാറെഡ് തെർമൽ സ്കാനറുകൾ പ്രത്യേകം സൂക്ഷിക്കേണ്ടതും ഉപയോഗിക്കാത്ത പി.പി.ഇ കിറ്റ്, റബ്ബർ കൈയ്യുറകൾ, മാസ്ക് എന്നിവയുടെ മൊത്തം കണക്കെടുത്ത് അവ കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിന്റെ അതാത് ജില്ലാ സ്റ്റോർ റൂമുകളിലെ സ്റ്റോർമാനേജർമാരെ ഏൽപ്പിച്ച് കൈപ്പറ്റ് രസീത് വാങ്ങി 15.05.2021-ന് മുമ്പായി ചീഫ് ഇലക്ടറൽ ഓഫീസിൽ ലഭ്യമാക്കേണ്ടതുമാണ്.

3. തെർമൽ സ്കാനിംഗിനായി ഉപയോഗിച്ച തെർമൽ സ്കാനറുകൾ വിവിധ സർക്കാർ സ്ഥാപനങ്ങൾ, സ്കൂളുകൾ, ചാരിറ്റബിൾ ട്രസ്റ്റുകൾ എന്നിവിടങ്ങളിലേക്ക് ലഭ്യമാക്കുന്നതിനായി ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസറുമായി ചർച്ച ചെയ്ത് ശുപാർശ സഹിതം 19.04.2021-ന് മുൻപായി ചീഫ് ഇലക്ടറൽ ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്.

മേൽ നിർദ്ദേശങ്ങൾ കൃത്യമായി നടപ്പാക്കുന്നതിനായി അതാത് സെക്ടർ ഓഫീസർമാർ വഴി എല്ലാ പ്രിസൈഡിംഗ് ഓഫീസർമാർക്കും കൃത്യമായ നിർദ്ദേശം നൽകേണ്ടതും പ്രിസൈഡിംഗ് ഓഫീസർമാർ മേൽ സാമഗ്രികൾ തിരികെ ഏൽപ്പിച്ചിട്ടുണ്ട് എന്നുറപ്പുവരുത്തുന്നതിന് വേണ്ട നിർദ്ദേശങ്ങൾ കളക്ഷൻ സെന്ററുകളിലുള്ള ഉദ്യോഗസ്ഥർക്ക് നൽകേണ്ടതുമാണ്.

വിശ്വസ്തതയോടെ,
**ടീകാ റാം മീണ**
**മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ**

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ